**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3761** **09-10-2025 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക്കുകളിലെ കരിക്കുലം, സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.പി. സുമോദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിഷ്കരിച്ചിട്ടുണ്ട്. 2021-ൽ ആണ് അവസാനമായി പരിഷ്കരിച്ചത്. 2026 അക്കാദമിക വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സിലബസ് പരിഷ്കരണം അതിന്റെ അവസാന ഘട്ടത്തിലാണ്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിനനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ബി) | പുതുതലമുറ കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട കോഴ്സുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. 2026 സിലബസിൽ നിർമ്മിത ബുദ്ധിയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് മാറ്റങ്ങൾ വരുത്തുവാനും നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ ക്യാമ്പസ് പ്ലേസ്മെന്റ് നിരക്കുകൾ ഉയർത്തുന്നതിന് ഏകീകൃത സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; അതിലൂടെ പ്ലേസ്മെന്റ് നിരക്കുകൾ ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്തെ പോളിടെക്നിക്കുകളെ ഒന്നിപ്പിച്ചു കൊണ്ട് കേന്ദ്രീകൃത പ്ലേസ്മെന്റ് സംവിധാനം 2023-24 മുതൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലൂടെ കൂടുതൽ പ്ലേസ്മെന്റുകൾ നൽകുവാൻ സാധിക്കുന്നുണ്ട്. 2024-25 വർഷം 219 കമ്പനികളിൽ നിന്നായി 6915 തൊഴിൽ അവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിച്ചു. |

സെക്ഷൻ ഓഫീസർ